**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5515 24.05.2017-ൽ മറുപടിക്ക്**

**കാരാട്ട് റസാഖ് എം.എൽ.എ. ഡി.ജി.പി യ്ക്ക് നൽകിയ പരാതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. പിണറായി വിജയൻ ( മുഖ്യമന്ത്രി) |
| (എ) നിയമസഭാംഗമായ ശ്രീ. കാരാട്ട് റസാഖ് തനിയ്ക്ക് വധഭീഷണിയുണ്ടെന്ന കാണിച്ച് ഡി.ജി.പി. യ്ക്ക് നൽകിയ പരാതിയിന്മേൽ യഥാസമയം നടപടി സ്വീകരിക്കാതിരുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥരെ തൽസ്ഥാനത്ത് നിന്ന് മാറ്റിയിരുന്നോ; എങ്കിൽ ആരെയൊക്കെയാണ് സ്ഥലം മാറ്റിയത്; എന്ത് ആരോപണത്തിന്റെ പേരിലാണ് നടപടി സ്വീകരിച്ചത്; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ; | (എ) ഈ വിഷയം പരാമർശിച്ച് ഒരു ഉദ്യോഗസ്ഥനേയും സ്ഥലം മാറ്റിയിട്ടില്ല. |
| (ബി) എം.എൽ.എ യുടെ പരാതി എന്നാണ് ലഭിച്ചത്; പ്രസ്തുത പരാതിയിന്മേൽ ഏതൊക്കെ തീയതികളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (ബി) ശ്രീ. കാരാട്ട് റസാഖ് എം.എൽ.എ യ്ക്ക് തന്റെ ജീവന് ഭീഷണിയുണ്ടെന്നും സംരക്ഷണം നൽകണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവിയ്ക്ക് 18.01.2017 ന് പരാതി നല്കിയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് മതിയായ സംരക്ഷണം ഏർപ്പെടുത്താൻ അന്നേ ദിവസം തന്നെ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നല്കിയിരുന്നു. കൂടാതെ ഭീഷണി സാധ്യത കണക്കിലെടുത്ത് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി എത്രയും പെട്ടെന്ന് റിപ്പോർട്ട് നല്കാൻ ഇന്റലിജൻസ് മേധാവിയ്ക്ക് നിർദ്ദേശവും നല്കിയിട്ടുണ്ട്. |

സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശ പ്രകാരം 09.05.2017 തീയതിയിൽ എം.എൽ.എ യുടെ പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണം നടത്താൻ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ ക്രൈം നമ്പർ 309/2017 പ്രകാരം കൊടുവള്ളി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| | |
|---|---|
| (സി) പരാതിയിന്മേൽ യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ചതിന്റെ കാരണം എന്താണെന്ന വ്യക്തമാക്കുമോ? | (സി) പിരിവ് 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**